ശ്രീ. ആർ. എസ് ഉണ്ണി: 1967—68ലെ ഈ സഭയിലെ എസ്റ്റിമേറ്റ് കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട കൊല്ലം ജില്ലയിലെ പെരുങ്കുളംഏരിയ ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ഭംഗിയായി നടത്തിക്കൊണ്ടു പോകാൻ യാതൊരു നടപടിയും സ്വീകരിക്കാത്തതിനു് കാരണമെന്താണു്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: പരിശോധിച്ചു് ആവശ്യമായ നടപടി സ്വീകരിക്കാം.

കല്ലടപദ്ധതി

* 146 [581] ശ്രീ. പി. രവീന്ദ്രൻ:
,, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള
,, ടി. എ. മജീദു്
} താഴെകാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടിനൽകുമോ:

(എ) ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചശേഷം നിറുത്തിവച്ച ഏതെങ്കിലും നദീതട പദ്ധതി ഉണ്ടോ;

(ബി) കല്ലട പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടംവരെ എത്തിയിട്ടുണ്ടു്;

(സി) അണക്കെട്ടിന്റെ പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു്;

(ഡി) ഈ പദ്ധതിമൂലം എത്ര ഏക്കർ നെൽകൃഷിക്കും, എത്ര ഏക്കർ കരകൃഷിക്കും ഉപയോഗിക്കാമെന്നു പ്രതീക്ഷിക്കുന്നു;

(ഇ) ഈ പദ്ധതിയനുസരിച്ചുള്ള റൈറ്റു് ബാങ്കു് കനാലും, ലെഫ്റ്റു് ബാങ്കു് കനാലും ഒരേകാലത്തു് നിർമ്മിച്ചുതുടങ്ങണമെന്നു് നിവേദനം ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇതിനെപ്പറ്റിയുള്ള ഗവണ്മെന്റിന്റെ നിലപാടു് എന്താണു്;

(ജി) ഈ പദ്ധതിയുടെ ലെഫ്റ്റു് ബാങ്കു് ചാനൽ പൂർത്തിയാകുന്നതോടുകൂടി ചിറയിൻകീഴു് താലൂക്കിലെ പ്രദേശങ്ങളുൾപ്പെടെ ജലസേചനം നടത്താൻ കഴിയുമെന്നു് പ്രതീക്ഷിക്കാമോ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്):

(എ) ഇല്ല.

(ബി) 15 കിലോമീറ്റർ ദൂരത്തിലുള്ള വലതുകനാലിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. അതിന്റെ ലാന്റു് അക്വിസിഷൻ പ്രവർത്തനങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 16 മുതൽ 31 കിലോമീറ്റർവരെയുള്ള വലതുകനാലിന്റെ ഡീറ്റെയിൽസു് ഇൻവെസ്റ്റിഗേഷനു ശേഷമുള്ള ലാന്റു് അക്വിസിഷൻ നടന്നുവരികയാണു്. വലതുകനാലിന്റെ ബാക്കിയുള്ള ഭാഗങ്ങളിലും ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നുണ്ടു്. മെയിൻഡാമിന്റെ എക്സവേഷൻ പണിയും പുരോഗമിച്ചുവരുന്നു. വിയറിന്റെ മുന്നിലൊന്നു പണി പൂർത്തിയായിട്ടുണ്ടു്.

(സി) അണക്കെട്ടിന്റെ അടിത്തറപണി മിക്കവാറും കഴിഞ്ഞു. മേസണറി ജോലി അടുത്തുതന്നെ ആരംഭിക്കുന്നതാണു്.

(ഡി) ഈ പദ്ധതികൊണ്ടു് മൊത്തം 1, 30, 000 ഏക്കർ സ്ഥലത്തു് ജലസേചനം നടത്താൻ കഴിയും.

(ഇ) ഉണ്ടു്.

(എഫ്) ഈ പ്രശ്നം ഗവർമ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

(ജി) കല്ലടപദ്ധതിയുടെ ഇടതുകനാൽ കൊണ്ടു് ജലസേചനസൗകര്യം ലഭിക്കുന്ന പ്രദേശങ്ങളിൽ ചിറയിൻകീഴു് താലൂക്കു് ഉൾപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. കഞ്ഞുകൃഷ്ണപിള്ള: കല്ലട നദീതടപദ്ധതിയുടെ ഇടതുവശത്തുകൂടിയുള്ള പാനൽ വന്നുകഴിഞ്ഞാൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽപ്പെട്ട എത്രയാണ് പതിനയ്യായിരത്തോളം ഏക്കർ സ്ഥലത്തു് ജലസേചനസൗകര്യമുണ്ടാകുമെന്നു കാണിച്ചുകൊണ്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലെ ഏതെങ്കിലും വിദഗ്ദ്ധന്മാരായിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറിനു് നിദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: നിദ്ദേശം സമർപ്പിച്ചിട്ടില്ല. ലെഫ്റ്റനന്റ് കനാൽ പൂർത്തിയായി കുറച്ചുകൂടി വെള്ളം റിസർവ്വ് ചെയ്യാൻ സാധിച്ചാൽ വാമനപുരം പദ്ധതി കൂടാതെ കഴിക്കാമെന്നു അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനെപ്പറ്റി പരിഗണിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. ജി. കഞ്ഞുകൃഷ്ണപിള്ള: വാമനപുരം പദ്ധതിക്കു തടസ്സമുണ്ടാക്കാതെതന്നെ ഈ കനാൽകൊണ്ട് ഈ പ്രദേശങ്ങളിൽ കൂടുതൽ വെള്ളം എത്തിക്കാൻ സാധിക്കുമെന്നു് കാണിച്ചു് വല്ല നിദ്ദേശവും ഗവണ്മെൻറിന്റെ മുമ്പിൽ വച്ചിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഞാൻ ആദ്യം പറഞ്ഞ നിദ്ദേശമാണു് ഗവണ്മെൻറിന്റെ മുമ്പിലുള്ളതു്. ഏതായിരുന്നാലും ഇതു രണ്ടിന്റെ കാര്യവും, രണ്ടും സ്ഥാപിക്കേണ്ട ആവശ്യമുണ്ടോ എന്നുള്ളകാര്യവും പരിശോധിച്ചുനോക്കാം.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: വാമനപുരം പദ്ധതി വേണ്ടെന്നുവയ്ക്കാൻവേണ്ടി മനപ്പൂർവ്വം എഴുതിയുണ്ടാക്കിയതാണു് ഈ വിദഗ്ധ നിദ്ദേശം എന്നുള്ളതു മനസ്സിലാക്കി ഇതു രണ്ടും സ്ഥാപിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: രണ്ടും പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

മി. സ്പീക്കർ: ചോദ്യം 532 നു് ഇതിനു് മുമ്പു് ഉത്തരം പറഞ്ഞിട്ടുണ്ട്.

നാവിക തൊഴിലാളികളുടെ തൊഴിലില്ലായ്മ.

* 147 [533] ശ്രീ. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാവികത്തൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിനിയും പ്രസിദ്ധീകരിക്കാതിരിക്കാൻ കാരണമെന്തെന്നു പറയാമോ;

(ബി) ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിൽ വരുത്താൻ ഗവണ്മെൻറു് തയ്യാറാകാത്തതിൽ നാവിക തൊഴിലാളികൾക്കുള്ള ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അസംതൃപ്തരായ നാവിക തൊഴിലാളി സംഘടനകൾ ഒന്നിച്ചു് പ്രത്യക്ഷസമരത്തിനു് തയ്യാറാകുന്നു എന്ന നിവേദനം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിൽവരുത്താൻ ആവശ്യമായ നടപടികളെടുത്തു പ്രത്യക്ഷസമരനടപടികളൊഴിവാക്കുമോ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ): (എ) കാർഗോ അന്വേഷണ കമ്മിഷന്റെ റിപ്പോർട്ടു് 1-7-69 ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) ചില നിവേദനങ്ങൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്.

(സി) ഉണ്ടു്.

(ഡി) ശുപാർശ നടപ്പിലാക്കുന്നതിനുള്ള സാധ്യതകളെപ്പറ്റി ഗവണ്മെൻറു് പരിഗണിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly